**റൂളിംഗ്**

മി. സ്പീക്കർ: 2018-19 ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ ചർച്ച പൂർത്തീകരിക്കുന്നതിന് മുമ്പായി ധനകാര്യബിൽ അവതരിപ്പിക്കുന്നതിനെതിരെ കീഴ്‌വഴക്കങ്ങളും നടപടിക്രമവും ഉദ്ധരിച്ചുകൊണ്ട് ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ഒരു പ്രധാനപ്പെട്ട കാര്യം, ഈ വർഷത്തെ ബഡ്ജറ്റ് നടപടികൾ വളരെ മാതൃകാപരമായ രീതിയിലും സമയക്രമത്തിലുമാണ് പൂർത്തീകരിക്കാൻ നമ്മൾ ശ്രമിക്കുന്നത്. മാർച്ച് 31-ന് മുമ്പുതന്നെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ് നമ്മൾ. ഈ മാസം 31-ന് മുമ്പ് ധനകാര്യബിൽ സംബന്ധിച്ച് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് അത് ആക്ടായി പ്രസിദ്ധീകരിക്കേണ്ട ഒരു സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഈ പശ്ചാത്തലംകൂടി പരിഗണിച്ചുകൊണ്ടാണ് ഇത്തരമൊരു സാഹചര്യം വന്നിട്ടുള്ളത്. മാത്രമല്ല അതുമായി ബന്ധപ്പെട്ട് 27-ന് മാത്രമേ ധനകാര്യബിൽ പരിഗണനയ്ക്കെടുക്കുന്നുള്ളൂ എന്നും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഇവിടെ പറയുകയുണ്ടായി.

ചെയർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പതിനൊന്നാം കേരള നിയമസഭയിൽ 2005 ഫെബ്രുവരി-മാർച്ച് മാസത്തിലാണ് ഇത്തരത്തിൽ ഒരു സ്ഥിതിവിശേഷം ഇതിനുമുമ്പുണ്ടായത്.

പതിനൊന്നാം സമ്മേളനത്തിൽ ധനാഭ്യർത്ഥന സംബന്ധിച്ച സൂക്ഷ്മപരിശോധന സബ്ജക്ട് കമ്മിറ്റികൾ പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ഫെബ്രുവരി 10-ാം തീയതി ധനകാര്യ ബിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. അതിനുശേഷം സഭയിൽ ധനാഭ്യർത്ഥനയുടെ ചർച്ച ആരംഭിക്കുന്നതിനുമുമ്പായി 2005-ലെ ധനകാര്യ ബിൽ മാർച്ച് മാസം 3-ാം തീയതി പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം മാത്രമാണ് ധനാഭ്യർത്ഥന ചർച്ച സഭയിൽ ആരംഭിച്ചത്.

2005-ലെ മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വരുന്നത് സംബന്ധിച്ച പ്രത്യേക സാഹചര്യം മുൻനിർത്തിയാണ് അന്ന് അപ്രകാരം ചെയ്തതെന്ന വിശദീകരണം ബന്ധപ്പെട്ട മന്ത്രി സഭയിൽ വിശദീകരിക്കുകയും അന്നത്തെ ചെയർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അത്.

അന്നേ ദിവസങ്ങളിൽ സഭയിൽ ഉയർന്നുവന്ന ക്രമപ്രശ്നവും നടന്ന ചർച്ചയും

ചെയറിൽ നിന്നുണ്ടായ റൂളിംഗുമെല്ലാം ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിൽ ഭരണഘടനാപരമായതോ ചട്ടപ്രകാരമുള്ളതോ ആയ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനമുള്ളതായി അന്ന് ഒരു പരാമർശം സഭയിലുണ്ടായിട്ടില്ല. എന്നുമാത്രമല്ല, ഇതുസംബന്ധിച്ച് ശക്ധർ ആന്റ് കൗൾ-ന്റെ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീഡ്യുവർ എന്ന ഗ്രന്ഥത്തിലും ഈ നടപടിക്രമത്തിൽ അപാകതയുള്ളതായി പറഞ്ഞിട്ടില്ല.

ഈ വർഷത്തെ ബഡ്ജറ്റ് നടപടികൾ വളരെ മാതൃകാപരമായ ഒരു രീതിയിലും സമയക്രമത്തിലുമാണ് നാം പൂർത്തീകരിച്ചുവരുന്നത്. വോട്ട് ഓൺ അക്കൗണ്ട് നടപടികൾ ഒഴിവാക്കിക്കൊണ്ട് മാർച്ച് 31-ന് മുമ്പുതന്നെ ബഡ്ജറ്റിനെ സംബന്ധിക്കുന്ന എല്ലാ നടപടികളും പൂർത്തീകരിക്കുക എന്ന വളരെ അപൂർവ്വമായ ഒരു നേട്ടം നാം കൈവരിക്കാൻ പോകുകയാണ്.

അതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം മുമ്പുണ്ടായ കീഴ്വഴക്കത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ഒന്നല്ല എന്ന് ചെയർ റൂൾ ചെയ്യുന്നു.